©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 മേയ് 19
19th May 2026
1201 ഇടവം 5
5th Idavam 1201
1948 വൈശാഖം 29
29th Vaisakha 1948

നമ്പർ
No.
1613

**ഫാറം നമ്പർ 10**

[ചട്ടം 21(16) കാണുക]

വകുപ്പ് 19 പ്രകാരമുള്ള പ്രഖ്യാപന ഫോറം

DCEKM/5230/2021-C5 2026 മെയ് 16

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 11 (1) പ്രകാരമുള്ള വിജ്ഞാപനം 01.03.2024 തീയതിയിൽ വാല്യം XIII നമ്പർ 771 അസാധാരണ ഗസറ്റിലും 15.05.2024, 18.05.2024 എന്നീ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതികളിലെ ജനയുഗം, ദേശാഭിമാനി, എന്നീ ദിനപത്രങ്ങളിലും, ബന്ധപ്പെട്ട കാര്യാലയങ്ങളിലും, ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും,

2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 15 ഉപവകുപ്പ് 1 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുകാര്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടതാണെന്ന് സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സമുചിത സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും; ബാധിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള പുനരധിവാസത്തിനും പുനഃസ്ഥാനത്തിനുമുള്ള പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.10.2025 തീയതിയിലെ LR/10406/2025-LR(C4) നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതിനാലും,

ഇപ്പോൾ അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.1781 ഹെക്ടർ അല്ലെങ്കിൽ അതിൽ അൽപ്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന്, അതായത് എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ, പല്ലാരിമംഗലം വില്ലേജിൽ മണിക്കിണർ പാലം-അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 0.1781 ഹെക്ടർ സ്ഥലം ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പി.ഡബ്ലിയു.ഡി യൂണിറ്റ് നമ്പർ 1 എറണാകുളം എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ(എൽ.എ) പി.ഡബ്ലിയു.ഡി യൂണിറ്റ് നമ്പർ 1 എറണാകുളം, അങ്കമാലി കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും, ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക I

## പൊന്നുംവില സ്ഥലത്തിന്റെ വിശദ വിവരങ്ങൾ

ജില്ല : എറണാകുളം

താലൂക്ക്:കോതമംഗലം വില്ലേജ് : പല്ലാരിമംഗലം

| ക്രമ നമ്പർ | വില്ലേജ് | സർവ്വെ നമ്പരും സബ്ബ് ഡിവിഷനും | ഭൂമിയുടെ തരം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | പല്ലാരിമംഗലം | 175/3A6 | പുരയിടം | 0.0488 |
| 2 | പല്ലാരിമംഗലം | 175/3A-6 | പുരയിടം | 0.0048 |
| 3 | പല്ലാരിമംഗലം | 175/2-4<br>175/3A7<br>175/3B3 | പുരയിടം<br>പുരയിടം<br>പുരയിടം | 0.0001<br>0.0106<br>0.0006 |
| 4 | പല്ലാരിമംഗലം | 175/2-6 | പുരയിടം | 0.0003 |
| 5 | പല്ലാരിമംഗലം | 175/2-6 | പുരയിടം | 0.0201 |
| 6 | പല്ലാരിമംഗലം | 977/3-6 | പുരയിടം | 0.0069 |
| 7 | പല്ലാരിമംഗലം | 977/3-7 | പുരയിടം | 0.0461 |
| 8 | പല്ലാരിമംഗലം | 977/3-8<br>977/3-11 | പുരയിടം<br>പുരയിടം | 0.0143<br>0.0066 |
| 9 | പല്ലാരിമംഗലം | 977/3-12<br>977/3-10 | പുരയിടം<br>പുരയിടം | 0.0001<br>0.0188 |
| | ആകെ വിസ്തീർണ്ണം | | | 0.1781 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക II

**പുനരധിവാസത്തിനുവേണ്ടിയുള്ള ഭൂമിയുടെ വിശദവിവരങ്ങൾ**

ബാധകമല്ല

## പട്ടിക III

**പുനരധിവാസത്തിനും പുനഃസ്ഥാനത്തിനുമുള്ള പദ്ധതിയുടെ വിവരങ്ങൾ**

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം നമ്പർ LR/10406/2025-LR(C4)

തീയതി 21.10.2025 പ്രകാരം അംഗീകരിച്ച ആർ.ആർ പാക്കേജ്

| ക്രമ നമ്പർ | സർവ്വെ നമ്പർ | 29-12-2017 ലെ GO(MS) 448/2017/RD പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1 | 175/2-6 | 1,5,6,10 | 4,60,000/- |
| 2 | 977/3-7 | 1,5,6,10 | 4,60,000/- |
| ആകെ | | | 9.20,000 |

(ഒപ്പ് )

ജില്ലാകളക്ടർ

*എറണാകുളം*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.19 05:51:22 +05:30